# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 516 — 01.12.2015 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രത്തിൽ 11 ഉം മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ 9 ഉം അപ്പെക്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം I ഉം II ഉം ആയി ചേർത്തിരിക്കുന്നു. |
| (ബി) ഇവ ഓരോന്നിന്റെയും ഓഹരി മൂലധനം, കടബാധ്യതകൾ, നഷ്ടം എന്നിവ എത്രയെന്നു വിശദമാക്കാമോ; | (ബി) ഇവയുടെ ഏറ്റവും അവസാനത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |
| (സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന അപ്പക്സ് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) ഏറ്റവും അവസാനത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ (ഹൗസ്ഫെഡ്), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി) എന്നിവയും ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന |

സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ), കേരള സംസ്ഥാന സഹകരണ ഫിഷറീസ് ഡെവലപ്മെന്റ് ഫെഡറേഷൻ (മത്സ്യഫെഡ്) എന്നിവയുമാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1. കേരള സംസ്ഥാന സഹകരണബാങ്ക്(**കെ.എസ്.സി.ബി**)
2. കേരള സംസ്ഥാന സഹകരണകാർഷിക ഗ്രാമവികസന ബാങ്ക്(**കെ.എസ്.സി.എ, ആർ.ഡി.ബി**)
3. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ( **കൺസ്യൂമർ ഫെഡ്**)
4. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (**റബ്ബർ മാർക്ക്**)
5. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ (**മാർക്കറ്റ് ഫെഡ്**)
6. കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ(**ടൂർ ഫെഡ്**)
7. കേരള സംസ്ഥാന സഹകരണ പട്ടികാ ജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ(**എസ്.സി/എസ്.റ്റി ഫെഡ്**)
8. കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷൻ(**വനിതാ ഫെഡ്**)
9. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ(**ഹൗസ് ഫെഡ്**)
10. കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ(**ഹോസ്പിറ്റൽ ഫെഡ്**)
11. കേരള സംസ്ഥാന സഹകരണ ലേബർ ഫെഡറേഷൻ(**ലേബർ ഫെഡ്**)